(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ ഫിക്സേഷനുള്ള കാലതാമസം

102 [3628] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച ഫിക്സേഷൻ ഉത്തരവ് 2000-നുശേഷം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകാൻ കാരണമെന്താണ്;

(സി) ഫിക്സേഷനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) പുതിയ ഫിക്സേഷൻ ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02 അദ്ധ്യയനവർഷം വരെയുള്ള സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി)-(ഡി) 2002-03 അദ്ധ്യയന വർഷം മുതലുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഫിക്സേഷനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

കാസർഗോഡ് ഇഖ്ബാൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ നിയമനങ്ങൾ അംഗീകരിക്കാൻ നടപടി

103 [3629] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അജാനൂർ ഇഖ്ബാൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്യൂൺ ആയിരുന്ന സി. എച്ച്. മുഹമ്മദ് കുഞ്ഞി എന്നയാളെ മൂന്ന് വർഷമായി പ്രൊമോഷനോടുകൂടി ഹയർ സെക്കണ്ടറിയിൽ ലാബ് അസിസ്റ്റന്റായി നിയമിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനം അപ്രൂവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ ആശ്രിത നിയമനമായി ആർ. ജെ. ലിൻസയെ പ്യൂൺ ആയി നിയമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ മൂന്നു വർഷമായി ശമ്പളമില്ലാതെയാണ് അവർ ജോലി ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശ്രീമതി ലിൻസയുടെ നിയമനം അപ്രൂവ് ചെയ്ത് ശമ്പളം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിയമനം നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നടത്തിയിട്ടുള്ളത് എന്ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) & (ഡി) ഉണ്ട്.

(ഇ) ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ നിയമനം അംഗീകരിച്ചു നൽകുന്ന മുറയ്ക്ക് ശ്രീമതി ലിൻസയുടെ നിയമനവും അംഗീകരിക്കുന്നതും ആനുകൂല്യങ്ങൾ നൽകുന്നതുമാണ്.

ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാൻ നടപടി

104 [3630] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4-11-2004-ൽ ഹൈക്കോടതി വിധി ഉണ്ടായിട്ടും ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാത്തതെന്തുകൊണ്ട്;

(ബി) വർഷങ്ങളായി പ്രിൻസിപ്പലായി ജോലി നോക്കി 30-3-2005-ൽ റിട്ടയർ ചെയ്യുന്നവർക്ക് തസ്തിക സൃഷ്ടിക്കാത്തതുമൂലം ശമ്പളം ഫിക്സ് ചെയ്തു കിട്ടുന്നില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രിൻസിപ്പൽ തസ്തികയിലെ ശമ്പളം കണക്കാക്കി പെൻഷൻ ബെനിഫിറ്റ് കിട്ടാൻ നടപടി സ്വീകരിക്കുമോ;

(സി) ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ജി. ഒ. (എം.എസ്.) നമ്പർ 43/2004/ജി. എഡ്യു/തിരു. തീയതി 11-12-2004-ലെ ഉത്തരവിൽ X-ാമതായി പറയുന്ന Creation of the post of Principal will also be considered separately എന്നതിന്റെ ഉദ്ദേശമെന്താണ്; ഈ കാര്യം മുൻകാല പ്രാബല്യത്തോടുകൂടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) No. 14740/2002 Dated: 4-11-2004-ലെ ഹൈക്കോടതി വിധി ഉടനെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly